"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ തിരുവില്ലാമല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് മരണപ്പെട്ട വാസു.പി.എ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.2581/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/11/2019

---

പരാമർശം:- 1 സ.ഉ (കൈ)നം. 224/2014/തസ്വഭവ തീയതി 12.12.2014.

2 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.11.2016 ലെ ഇ2-402/15 നടപടിക്രമം.

3 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.07.2017ലെ ഇ2-3258/17 നമ്പർ നടപടിക്രമം.

4 പഞ്ചായത്ത് ഡയറക്ടറുടെ ഇ6-11585/17, 06.02.2019ലെ ഇ6-27981/18നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തിരുവില്ലാമല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് മരണപ്പെട്ട വാസു.പി.എ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. വാസു.പി.എ, പഞ്ചായത്ത് വകുപ്പിൽ 02.08.2010 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ ജനിച്ചത് 25.05.1966 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 3 ദിവസത്തെ ആർജ്ജിതാവധി ഉൾപ്പെടെ 05.08.2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. വാസു.പി.എ യ്ക്ക് 24.05.2016 ൽ 50 വയസ്സ് പൂർത്തിയായതിനാൽ ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (2) പ്രകാരം തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിട്ടുള്ളതിനാൽ തൊട്ടടുത്ത ദിവസമായ 26.05.2016ന് ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 27.05.2016 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം(4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ തിരുവില്ലാമല ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് മരണപ്പെട്ട വാസു.പി.എ യ്ക്ക് 50 വയസ്സ് തികഞ്ഞ തീയതിയുടെ തൊട്ടടുത്ത ദിവസമായ 26.05.2016 തീയതി പ്രാബല്യത്തിൽ ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് നിയമനാധികാരിയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയുമാറ് 05.08.2013 മുതൽ 27.05.2016 വരെ കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

സെക്രട്ടറി, തിരുവില്ലാമല ഗ്രാമപഞ്ചായത്താഫീസ്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(25.09.2019 ലെ ഉപദേശ ബി2/123/19/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(336/ഇപിഎ1/17/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ